# പാറളം ഗ്രാമ പഞ്ചായത്ത്

## ആമുഖം

ഇൻഡ്യൻ ഭരണസംവിധാനത്തിലെ പ്രധാനപ്പെട്ട ഒരു ചുവടുവെപ്പായിരുന്നു 73, 74 എന്നീ ഭരണഘടനാ ഭേദഗതികൾ. ഇതുമൂലം പഞ്ചായത്ത്‌രാജ് സംവിധാനം സ്ഥാപിക്കുകയും പഞ്ചായത്തുകൾക്ക് സ്വയം ഭരണസ്ഥാപനം എന്ന പദവി ലഭിക്കുകയും ചെയ്തു. ഒരു പൗരന്റെ ജനനം മുതൽ മരണം വരെയുള്ള കാലഘട്ടത്തിൽ നിയമാനുസരണമായ സേവനങ്ങൾ ലഭിക്കുന്നതിന് ആശ്രയിക്കാനുള്ള ഒരു ഭരണഘടനാസ്ഥാപനമാണ് ഗ്രാമപഞ്ചായത്ത്.

പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഓരോ പൗരന്മാർക്കും ലഭ്യമാക്കേണ്ടത് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. അതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിവരങ്ങൾ ഈ പൗരാവകാശരേഖയിൽ ചേർത്തിട്ടുണ്ട്. ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാക്കാമെന്ന് പഞ്ചായത്ത്സ്വമേധയാ വാഗ്ദാനം ചെയ്യുന്നതും അതനുസരിച്ച് അവർക്ക് അർഹമായ സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും അവ ലഭ്യമാക്കുന്ന സമയപരിധി വിവരിച്ചുകൊണ്ട് പുതുക്കി പ്രസിദ്ധീകരിക്കുന്ന ഒന്നാണ് പൗരാവകാശരേഖ.

ഈ പഞ്ചായത്തിലെ എല്ലാവിധ ജനങ്ങളുടെ നിയമാനുസരണമായ ആവശ്യങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കി പുതുക്കിയിട്ടുള്ള ഈ പൗരവകാശരേഖ പൊതുജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭിക്കുന്നതിന് ഉപകാരപ്രദമായിത്തീരും എന്ന് പ്രതീക്ഷിച്ചുകൊണ്ട് ഇത് നിങ്ങളുടെ മുന്നിൽ സവിനയം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം
**ശ്രീമതി അനിത പ്രസന്നൻ**
പ്രസിഡന്റ്
പാറളം ഗ്രാമപഞ്ചായത്ത്

പാറളം
17 - 07 - 2026

# പാറളം ഗ്രാമപഞ്ചായത്ത്
# പൗരാവകാശ രേഖ – 2026

## പാറളം ഗ്രാമ പഞ്ചായത്ത് ആഫീസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

## ഏപ്രിൽ 1 മുതൽ എല്ലാ അപേക്ഷകളും KSMARTവഴി online ആയി അപേക്ഷിക്കാവുന്നതാണ്.

| ക്രമ നമ്പർ | ലഭ്യമാക്കുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | സേവനം ലഭിക്കുന്ന ഓഫീസ്/ഉദ്യോഗസ്ഥൻ | നിബന്ധനകളും മാനദണ്ഡങ്ങളും | അടക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ജനന രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് (ജനനമരണ രജിസ്ട്രാർ) | 1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടക്കുന്ന ജനനങ്ങൾ മാത്രമേ രജിസ്ട്രർ ചെയ്യൂ. 2. വീട്ടിൽ വെച്ചുള്ള ജനനം കുട്ടിയുടെ അച്ഛനോ അമ്മയോ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യണം. 3. ആശുപത്രിയിൽ വെച്ചു നടക്കുന്ന ജനനങ്ങൾ കുട്ടിയുടെ രക്ഷിതാക്കളിൽ നിന്നും ഫോറം പൂരിപ്പിച്ചു വാങ്ങി ബന്ധപ്പെട്ട ഡോക്ടർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആശുപത്രിയിൽനിന്നും റിപ്പോർട്ട് ചെയ്യണം. | യഥാസമയം 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് ഫീസില്ല | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 2 | മരണ രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് (ജനനമരണ രജിസ്ട്രാർ) | 1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടക്കുന്ന മരണങ്ങൾ മാത്രമേ രജിസ്ട്രർ ചെയ്യൂ. 2. വീട്ടിൽ വെച്ചുള്ള മരണം കുടുംബത്തിലെ മുതിർന്ന അംഗവും, ആശുപത്രിയിൽ വെച്ചുള്ള മരണം ബന്ധപ്പെട്ട ഡോക്ടറും 21 ദിവസത്തിനകം നിർദ്ദിഷ്ട ഫോറത്തിൽ റിപ്പോർട്ട് ചെയ്യണം. | യഥാസമയം 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് ഫീസില്ല | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | | | |
|---|---|---|---|---|---|
| | | | 3. പൊതുസ്ഥലത്തെ മരണം, ആത്മഹത്യ, അപകടമരണം (അസ്വഭാവിക മരണങ്ങൾ) എന്നിവ ബന്ധപ്പെട്ട പോലീസ് ഇൻസ്പെക്ടർ ഡോക്ടറുടെ റിപ്പോർട്ട് സഹിതം സമർപ്പിക്കണം. പോലീസ് സ്റ്റേഷനിൽനിന്നും റിപ്പോർട്ട് ചെയ്യണം. | | |
| 3 | ജനനമരണങ്ങൾ വൈകിയുള്ള രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് (ജനനമരണ രജിസ്ട്രാർ) | പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടന്നതും യഥാസമയം രജിസ്ട്രർ ചെയ്യാത്തതുമായ ജനനമരണങ്ങൾ മാത്രമേ രജിസ്ട്രർ ചെയ്യൂ. | ഫീ- 2 രൂപ<br><br>ഫീ- 5 രൂപ<br><br>ഫീ- 10 രൂപ | 7 പ്രവർത്തി ദിവസങ്ങൾക്കകം |



| | | | | | |
|---|---|---|---|---|---|
| 4 | ജനന മരണ സർട്ടിഫിക്കറ്റുകൾ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. ഈ പഞ്ചായത്തിൽ വെച്ച് നടന്നതും ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ജനനമരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കൂ.<br>2. ജനന സർട്ടിഫിക്കറ്റിൽ കുട്ടിയുടെ പേര് ചേർത്ത് ലഭിക്കുന്നതിന് കുട്ടിയുടെ അമ്മ യും അച്ഛനും സംയുക്തമായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷിക്കണം.<br>3. 6 വയസ്സു കഴിഞ്ഞതും ഈ പഞ്ചായത്തിന് വെളിയിൽതാമ സിക്കുന്ന ദമ്പതികളുടെ കുട്ടിയുടെ ജനന രജിസ്ട്രറിൽ പേരു ചേർത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അവർ താമസിക്കുന്ന പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ജനനക്രമ (തിരിച്ചറിയിൽ) സർട്ടിഫിക്കറ്റും സ്കൂ ളിൽ പഠിക്കുന്ന കുട്ടിയെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റും | തെരച്ചിൽ ഫീസ് ഒരു വർഷത്തേക്ക് 2 രൂപ<br><br>പകർപ്പ് ഫീ 5 രൂപ<br><br>പേരു ചേർക്കൽ 5 രൂപ | 3 പ്രവർത്തി ദിവസങ്ങൾക്കകം |
| 5 | ജനന ക്രമ സർട്ടിഫിക്കറ്റ് (തിരിച്ചറിയൽ സർട്ടിഫിക്കറ്റ്) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | അപേക്ഷയിൽ മാതാവിന്റേയും പിതാവിന്റേയും പേരും വീട്ടുപേരും വീട്ടു നമ്പറും കൂടാതെ തങ്ങളുടെ മുഴുവൻ സന്താനങ്ങളുടേയും പേര്, ജനന തീയതി, ജനനസ്ഥലം എന്നിവ കാണിച്ചിരിക്കണം. | ഫീസില്ല | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | | | |
|---|---|---|---|---|---|
| 6 | ജനനമരണങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് (നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ഈ പഞ്ചായത്തിലെ ജനന/മരണങ്ങൾക്കു മാത്രം | തെരച്ചിൽ ഫീസ് 1 വർഷത്തേക്ക് 2 രൂപ 2 രൂപ ഫീസ് | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 7 | വിവാഹ രജിസ്ട്രേഷൻ (ഹിന്ദു വിവാഹങ്ങൾ മാത്രം) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന വിവാഹങ്ങൾ മാത്രം.<br>2. വിവാഹ തിയ്യതി മുതൽ 15 ദിവസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണം.<br>3. സ്ത്രീക്ക് 18 വയസ്സും പുരുഷന് 21 വയസ്സും വിവാഹ ദിവസം പൂർത്തിയായിരിക്കണം. | 10 രൂപ | 5 പ്രവർത്തി ദിവസങ്ങൾക്കകം |



| | | | | | |
|---|---|---|---|---|---|
| 8 | വിവാഹം വൈകിയുള്ള രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ബന്ധപ്പെട്ട എല്ലാ രേഖകളും സമർപ്പിക്കണം<br>ബന്ധപ്പെട്ട വിവാഹ രജിസ്ട്രേഷനുള്ള എല്ലാ രേഖകളും ഉണ്ടായിരിക്കണം | ഇല്ല | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 9 | വിവാഹ സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ഈ പഞ്ചായത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിവാഹങ്ങളുടെ സർട്ടിഫിക്കറ്റ് മാത്രമേ ലഭിക്കു | 10 | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | | | |
|---|---|---|---|---|---|
| 10 | 2008ലേ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു)ചട്ടങ്ങൾ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ | 1. പഞ്ചായത്ത് അതിർത്തിയിൽ വെച്ച് നടന്ന വിവാഹമായിരിക്കണം.<br><br>2. വിവാഹതിയ്യതി മുതൽ 45 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം. | രജിസ്ട്രേഷൻ ഫീസ് 100 രൂപ ബി.പി.എൽ/ എസ്സ്.സി./ എസ്സ്.ടികാർക്ക് -10/- (സർട്ടിഫിക്കറ്റ് ഹാജരാക്കണം)<br><br>മാര്യേജ് സർട്ടിഫിക്കറ്റിനുള്ള ഫീസ് 20 രൂപ | 7 പ്രവർത്തി ദിവസങ്ങൾക്കകം |



| | | | | | |
|---|---|---|---|---|---|
| 11 | താമസിച്ചുള്ള വിവാഹ രജിസ്ട്രേഷൻ<br>a. 45 ദിവസത്തിനുശേഷം 5 വർഷത്തിനകം ഉള്ള രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ | പഞ്ചായത്ത് അതിർത്തിയിൽ നടന്നതും ആഫീസ് രജിസ്റ്റർ ചെയ്യാത്തതുമായ വിവാഹങ്ങൾ | രജിസ്ട്രേഷൻ ഫീസ് 100രൂപയും 100 രൂപ പിഴയും<br><br>മാര്യേജ് സർട്ടിഫിക്കറ്റ് 20 രൂപ ഫീസ് | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | | | |
|---|---|---|---|---|---|
| | b. 5 വർഷത്തിനു ശേഷം രജിസ്റ്റർ ചെയ്യാത്ത വിവാഹങ്ങൾ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ | 1. പഞ്ചായത്ത് അതിർത്തിയിൽ നടന്നതും ആഫീസ് രജിസ്റ്റർ ചെയ്യാത്തതുമായ വിവാഹങ്ങൾ.<br>2. വിവാഹ(പൊതു)രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിക്ക് ശേഷമാണ് വിവാഹം ടി വിവാഹം രജിസ്റ്റർ ചെയ്യുന്നത്. | രജിസ്ട്രേഷൻ ഫീസ് 100രൂപയും 250 രൂപ പിഴയും<br>മാര്യേജ് സർട്ടിഫിക്കറ്റ് 20 രൂപ ഫീസ് | രജി. ജനറലിന്റെ അനുമതി ലഭിച്ചാൽ 7 പ്രവർത്തി ദിവസങ്ങൾക്കകം |



| | | | | | |
|---|---|---|---|---|---|
| 12 | മാര്യേജ് സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് അതിർത്തിയിൽ നടന്നതും ആഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടതുമായ വിവാഹങ്ങൾ | 25 രൂപ | 5 പ്രവർത്തി ദിവസങ്ങൾക്കകം |
| 13 | മാര്യേജ് സർട്ടിഫിക്കറ്റിലെ തിരുത്തൽ ഉൾക്കുറിപ്പ് റദ്ദാക്കൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | പേര്, വയസ്സ്, തിയ്യതി എന്നിവയിലെ തിരുത്തലുകൾ ഉൾക്കുറിപ്പ് റദ്ദാക്കൽ എന്നിവയ്ക്ക് രജിസ്ട്രാർ ജനറലിന്റെ അനുമതി വേണം | 100 രൂപ | രജിസ്ട്രാർ ജനറലിന്റെ അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 14 | 2005 ലെ വിവരാവകാശ നിയമപ്രകാരമുള്ള വിവരങ്ങൾ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് (പബ്ലിക് ഇൻഫർമേഷൻ ഓഫീസർ) | പഞ്ചായത്തിലെ രേഖകളുടേയും റിക്കാർഡുകളുടേയും വിവരങ്ങൾ (രഹസ്യസ്വഭാവങ്ങളില്ലാത്ത) | 1. വിവരങ്ങൾ എ4 സൈസ് പേപ്പറിൽ - ഓരോ പേജിന് 3 രൂപ വീതം<br>2 വലുപ്പം കൂടുതലുള്ള പേപ്പറിൽ യഥാർത്ഥ ചെലവ്.<br>3. രേഖകളുടെ പരിശോധന. ആദ്യത്തെ 1 മണിക്കൂറിന് ഫീസില്ല അതിനു ശേഷം ഓരോ 30 മിനിറ്റിനും അതിന്റെ അംശത്തിനും 10 രൂപ വീതം.<br>4 സാമ്പിൾ, മോഡൽ, എന്നിവയ്ക്ക് യഥാർത്ഥ ചെലവ്.<br>5. സിഡി/ഫ്ളോപ്പി എന്നിവയ്ക്ക് ഓരോന്നിനും 70രൂപവീതം<br>6. പ്രിന്റഡ് രൂപത്തിൽ ഓരോ പേജിനും 2 രൂപ.<br>7. ബി.പി.എൽ കാർക്ക് ഫീസില്ല ഫീസ് ഒടുക്കേണ്ട ഹെഡ് ഓഫ് എക്കൗണ്ട് - 0070-60-118-99 Receipt under RI Act 2005 | 1. 30 ദിവസത്തിനകം.<br>2. വ്യക്തികളുടെ ജീവൻ സ്വാതന്ത്ര്യം എന്നിവയെ ബാധിക്കുന്ന അപേക്ഷകൾ 48 മണിക്കൂറിനുള്ളിൽ തീർപ്പാക്കും |

| | | | | | |
|---|---|---|---|---|---|
| 15 | ഉടമസ്ഥതാ സർട്ടിഫിക്കറ്റ് (ഓണർഷിപ്പ് സർട്ടിഫിക്കറ്റ്) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | കെട്ടിട നമ്പറും വാർഡ് നമ്പറും സർട്ടിഫിക്കറ്റിന്റെ ആവശ്യവും. അപേക്ഷകന്റെ ഫോൺ നമ്പറും കാണിച്ചിരിക്കണം. വിവിധ നികുതികളും ഫീസുകളും കുടിശ്ശിഖ ഉണ്ടായിരിക്കരുത്. | ഫീസില്ല | ആവശ്യമായ രേഖകൾ സമർപ്പിച്ച അന്നേദിവസം 3 പ്രവർത്തി ദിവസം |
| 16 | താമസ സർട്ടിഫിക്കറ്റ് (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. കെട്ടിട നമ്പറും, വാർഡ് നമ്പറും, ഫോൺ നമ്പറും സർട്ടിഫിക്കറ്റിന്റെ ആവശ്യവും കാണിച്ചിരിക്കണം.<br>2. വിശദമായ അന്വേഷണം ആവശ്യമാണെന്നു വന്നാൽ അതിനുശേഷമേ സർട്ടിഫിക്കറ്റ് ലഭിക്കു.<br>3. ഉടമസ്ഥൻ ഈ പഞ്ചായത്തിൽ യാതൊരു വിധത്തിലുള്ള കുടിശ്ശിഖകളും ഉണ്ടായിരിക്കരുത് | ഫീസില്ല | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 17 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ (പേരുമാറ്റൽ) | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. കെട്ടിട നമ്പർ, വാർഡ് നമ്പർ, ഫോൺ നമ്പർ എന്നിവ അപേക്ഷയിൽ കാണിച്ചിരിക്കണം. | ഫീസില്ല, 3 മാസ പരിധി കഴിഞ്ഞാൽ പരമാവുധി 500 രൂപ പിഴ. | 45 പ്രവർത്തി ദിവസങ്ങൾക്കകം |



| | | | | | |
|---|---|---|---|---|---|
| | | | | | |
| 18 | കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ചട്ടം 6 അനുസരിച്ച് ക്ലിയറൻസ് ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതാണ്. | കെ.പി.ബി.ആർ പട്ടിക 1, 2 പ്രകാരം | 15 പ്രവർത്തി ദിവസങ്ങൾക്കകം (മറ്റു വകുപ്പുകളിൽനിന്നും അനുമതി ലഭിക്കാൻ താമസം ഉണ്ടെങ്കിൽ സേവന തിയ്യതിയിൽ മാറ്റം വരുന്നാണ്. |

| | | | | | |
|---|---|---|---|---|---|
| 19 | സ്ഥലം ഡെവലപ്പ്മെന്റിനുള്ള പെർമിറ്റുകൾ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ചട്ടം 6 അനുസരിച്ച് ക്ലിയറൻസ് ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതാണ്. | കെ.പി.ബി.ആർ. പട്ടിക 1, 2 പ്രകാരം | 15 പ്രവർത്തി ദിവസങ്ങൾക്കകം (മറ്റു വകുപ്പുകളിൽനിന്നും അനുമതി ലഭിക്കാൻ താമസം ഉണ്ടെങ്കിൽ സേവന തിയ്യതിയിൽ മാറ്റം വരുന്നാണ്. |



| | | | | | |
|---|---|---|---|---|---|
| 20 | കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കാൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. പെർമിറ്റ്/എൻ.ഒ.സി. വാങ്ങാതെ പണി തീർത്ത കെട്ടിടമാണെങ്കിൽ റഗുലറൈസേഷൻ ഉത്തരവ് വാങ്ങേണ്ടതാണ്. 2.60 ച. അടിയിൽ താഴെയാണെങ്കിൽ ഫാറം 2ൽ സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. | ഇല്ല. (കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്ന് അനുമതി വാങ്ങിയിട്ടില്ല എങ്കിൽ നിയമാനുസൃത റഗുലറൈസേഷൻ ഫീ അടവാക്കേണ്ടതാണ്. | 15 പ്രവർത്തി ദിവസങ്ങൾക്കകം |
| 21 | കെട്ടിട നമ്പറിനൊപ്പം അനുഭവക്കാരന്റെ താമസക്കാരന്റെ പേര് ചേർക്കൽ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | അപേക്ഷയിൽ വീട്ടുനമ്പറും കെട്ടിട നമ്പറും കാണിച്ചിരിക്കണം. | ഫീസില്ല | 7 പ്രവർത്തി ദിവസങ്ങൾക്കകം |

| | | | | | |
|---|---|---|---|---|---|
| 22 | വാസയോഗ്യമായ വീടില്ലെന്ന സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | താമസിക്കുന്ന വാർഡും വീട്ടു നമ്പറും കാണിച്ചിരിക്കണം. അപേക്ഷകന്റേയോ കുടുംബത്തിന്റേയോ പേരിൽ വാസയോഗ്യമായ വീടുണ്ടായിരിക്കരുത്. റേഷൻകാർഡ് ഹാജരാക്കണം. | ഫീസില്ല | 3 പ്രവർത്തി ദിവസങ്ങൾക്കകം |
| 23 | വ്യാപാരസ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. കച്ചവട സ്ഥാപനം പുതുതായി ആരംഭിക്കുന്നുവെങ്കിൽ 30 ദിവസത്തിനു മുൻപും ലൈസൻസ് പുതുക്കുന്നുവെങ്കിൽ ഓരോ വർഷവും സാമ്പത്തിക വർഷാരംഭത്തിന് 30 ദിവസം മുൻപ് അപേക്ഷ സമർപ്പിക്കണം.<br>മറ്റു വകുപ്പുകളിലെ സർട്ടിഫിക്കറ്റുകൾ ആവശ്യമെങ്കിൽ ഹാജരാക്കണം..<br>2. പുതുതായി ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവർ കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന് മുൻകൂർ അനുമതി വാങ്ങിച്ചിരിക്കണം. | ചട്ടപ്രകാരമുള്ള ഫീസ് | പുതുതായി ആരംഭിക്കുന്നവയ്ക്ക് 15 പ്രവർത്തി ദിവസത്തിനകം. പുതുക്കുന്നതിന് 7 പ്രവൃത്തി ദിവസത്തിനകം |



| | | | | | |
|---|---|---|---|---|---|
| 24 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ വർക്ക് ഷോപ്പുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള അനുമതി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. കെട്ടിടത്തിന്റെ പ്ലാൻ, സൈറ്റ് പ്ലാൻ ലൊക്കേഷൻ സ്കെച്ച് സമീപവാസികളിൽ നിന്നുള്ള സമ്മപത്രം എന്നിവ ഹാജരാക്കണം.<br>2. സ്ഥല പരിശോധനയ്ക്ക് ശേഷം പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള (ഫയർ, ഫാക്ടറി, ആരോഗ്യം, മലിനീകരണ നിയന്ത്രണ ബോർഡ് മുതലായവ) നിരാക്ഷേപ സർട്ടിഫിക്കറ്റുകൾ. | ചട്ട പ്രകാരമുള്ള ഫീസ് | 60 ദിവസങ്ങൾക്കകം |
| 25 | കശാപ്പു ശാലകളും ഇറച്ചിക്കടകളും ലൈസൻസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. 1996ലെ കേരള പഞ്ചായത്ത് രാജ (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളും പ്രകാരവും ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയും പഞ്ചായത്ത് തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമായിരി ക്കും ലൈസൻസ് നൽകുക.<br>2. പുതുതായി ലൈസൻസ് പുതുക്കുന്നവരും തങ്ങളുടെ സ്ഥാപനത്തിന്റെ നെയിംബോർഡിൽ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കേണ്ടതാണ്. | ചട്ട പ്രകാരമുള്ള ഫീസ് | ചട്ട പ്രകാരമുള്ള തിയ്യതികളിൽ |

| | | | | | |
|---|---|---|---|---|---|
| 26 | പട്ടി, പന്നി എന്നിവ വളർത്തുന്നതിനുള്ള ലൈസൻസ് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | വളർത്തുന്ന കെട്ടിടം സ്ഥലം ഇവ കാണിച്ചിരിക്കണം. കുത്തിവെപ്പ് എടുത്തതിന്റെ രേഖ ഹാജരാക്കണം. | ഓരോ മൃഗത്തിനും 10 രൂപ വീതം | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 27 | സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും. | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | 1. അപേക്ഷയോടൊപ്പം ജോലി ചെയ്യുന്നവരുടെ യോഗ്യതയും വിവരങ്ങളും കാണിക്കണം.<br>2. പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് ആയത് ആരംഭിക്കുന്നതിന് 15 ദിവസം മുമ്പും പുതുക്കുന്നതിന് സാമ്പത്തിക വർഷത്തിന് മുൻപും ലഭിച്ചിരിക്കണം. | രജിസ്ട്രേഷൻ ഫീസ് 200 രൂപ പുതുക്കൽ 50 രൂപ | 15 ദിവസങ്ങൾക്കകം |



| | | | | | |
|---|---|---|---|---|---|
| | | | 3. പുതിയതായി ലൈസൻസ് എടുക്കുന്നവരും നിലവിൽ ലൈസൻസ് പുതുക്കുന്നവരും തങ്ങളുടെ സ്ഥാപനത്തിന്റെ നെയിംബോർഡിൽ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കേണ്ടതാണ്.<br>4. ആവശ്യമായ സംഗതിയിൽ ഒക്കുപെൻസി സർട്ടിഫിക്കറ്റ്. | | |
| 28 | ജനകീയാസൂത്രണ വിവിധ ആനുകൂല്യങ്ങൾ | ഗ്രാമപഞ്ചായത്ത് (നിർവ്വഹണ ഉദ്യോഗസ്ഥരിലൂടെ) | അർഹതാ മാനദണ്ഡപ്രകാരവും മുൻഗണനാ പ്രകാരവും മാനദണ്ഡപ്രകാരവും ഗ്രാമസഭ അംഗീകരിച്ചു നൽകുന്ന മുൻഗണനാ പ്രകാരവും പദ്ധതിഫണ്ടിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം ലഭിക്കൂ. | ഫീസില്ല | നിർവ്വഹണ കലണ്ടർ പ്രകാരം |
| 29 | ഗ്രാമപഞ്ചായത്ത് രേഖകളുടേയും ജനകീയാസൂത്രണ പദ്ധതി സംബന്ധിച്ച രേഖകളുടേയും പകർപ്പ് | സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ | കേരള പഞ്ചായത്ത്രാജ് വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരം രഹസ്യസ്വഭാവങ്ങളില്ലാത്ത രേഖകളുടെ പകർപ്പുകളേ ലഭിക്കൂ. | ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് | 7 പ്രവർത്തി ദിവസങ്ങൾക്കകം |
| 30 | പൊതു പരാതികൾ | പ്രസിഡന്റ് ഗ്രാമ പഞ്ചായത്ത് | അപേക്ഷകന്റേയും എതിർകക്ഷികളുണ്ടെങ്കിൽ അവരുടേയും പൂർണ്ണ വിവരങ്ങൾ ഉണ്ടായിരിക്കണം. | ഫീസില്ല | അടിയന്തിര പരാതികൾ 7 ദിവസത്തിനുള്ളിലും മറ്റുള്ളവ 15 |

| | | | | | |
|---|---|---|---|---|---|
| | | | | | മുതൽ 30 ദിവസത്തിനുള്ളിലും (ലീഗൽ എയ്ഡ് ക്ലീനിക്കിൽ അപേക്ഷ പരിഗണിക്കുന്ന പക്ഷം സേവന തീയതിയിൽ മാറ്റം വന്നേക്കാം) |
| 31 | സ്വഭാവ സർട്ടിഫിക്കറ്റ്/റേഷൻ കാർഡ് പേരില്ലെന്ന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ സർട്ടിഫിക്കറ്റ് മുതലായവ | പ്രസിഡന്റ് ഗ്രാമ പഞ്ചായത്ത് | **അപേക്ഷകൾ പൂർണ്ണമേൽവിലാസവും വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് കോപ്പി, തിരിച്ചറിയൽകാർഡ് ഇവ ഉണ്ടെങ്കിൽ ഹാജരാക്കണം.** | ഫീസില്ല | പരമാവധി 3 ദിവസങ്ങൾക്കം |
| 32 | ദേശീയ വാർദ്ധക്യകാല പെൻഷൻ | ഗ്രാമപഞ്ചായത്ത് | 1. പ്രായം 60 വയസ്സിനു മുകളിൽ ആയിരിക്കണം.<br>2. അപേക്ഷകൻ സ്വന്തമായി വരുമാനം ഇല്ലാത്തതും പ്രായപൂർത്തിയായ വരുമാനമുള്ള മക്കളുടെ സംരക്ഷണം ഇല്ലാത്ത ആളുമായിരിക്കണം.<br>3. ഗ്രാമസേവകന്റെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന | ഫീസില്ല | 45 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകന് അറിയിക്കണം. |



| | | | | | |
|---|---|---|---|---|---|
| | | | ത്തിനും ജില്ലാകളക്ടറുടെ ഉത്തരവിനും വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക.<br>4. കുടുംബവാർഷിക വരുമാനപരിധി - 100000. | | |
| 33 | വിധവ പെൻഷൻ | ഗ്രാമപഞ്ചായത്ത് | 1. അപേക്ഷക സ്വന്തമായി വരുമാനം ഇല്ലാത്തവരായിരിക്കണം.<br>2. ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് തീരുമാനത്തിനും വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക.<br>3. ആൺമക്കൾ ഉള്ളവർക്കും പെൻഷന് അപേക്ഷിക്കാവുന്നതാണ്.<br>4. കുടുംബവാർഷിക വരുമാന പരിധി 100000.<br>5. അപേക്ഷകൻ കേരളത്തി ൽ തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷമായി സ്ഥിരതാമസമാക്കിയവരായിരിക്കണം. | ഫീസില്ല | 45 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകയെ അറിയിക്കും. |
| 34 | വികലാംഗ/ മന്ദബുദ്ധി പെൻഷൻ | ഗ്രാമപഞ്ചായത്ത് | 1. അപേക്ഷകൻ പ്രായപൂർത്തിയാകാത്തതോ മന്ദബുദ്ധി ആണെങ്കിൽ രക്ഷിതാവിന് അപേക്ഷ നൽകാം.<br>2. ഹെൽത്ത് ഇൻസ്പെക്ടറുടെ പഞ്ചായത്ത് കമ്മിറ്റി | ഫീസില്ല | പരമാവധി 45 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ അറിയിക്കും. |

| | | | | | |
|---|---|---|---|---|---|
| | | | തീരുമാനത്തിനും വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക.<br>3. കുടുംബവാർഷിക വരുമാനം - 100000/- (1 ലക്ഷം) | | |
| 35 | കർഷകതൊഴിലാളി പെൻഷൻ | ഗ്രാമപഞ്ചായത്ത് | 1. അപേക്ഷകന് 60 വയസ്സ് പൂർത്തിയായിരിക്കണം.<br>2. കേരള കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കണം.<br>3. ഏതെങ്കിലും ഭൂഉടമയുടെ കീഴിൽ 10 വർഷത്തിൽ കുറയാതെ കാർഷികജോലി ചെയ്തിട്ടുണ്ടാകണം.<br>4. കൃഷി അസിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് തീരുമാനത്തിനും ലേബർ ഓഫീസറുടെ ഉത്തരവിനും വിധേയമായെ പെൻഷൻ അനുവദിക്കൂ.<br>5.കുടുംബ വാർഷിക വരുമാനം 11000 രൂപ താഴെ ആയിരിക്കണം. | ഫീസില്ല | 45 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും. |



| | | | | | |
|---|---|---|---|---|---|
| 36 | തൊഴിൽ രഹിത വേതനം | ഗ്രാമപഞ്ചായത്ത് | 1. എസ്.എസ്.എൽ.സി. പാസായിരിക്കണം. 35 വയസ്സ് വയസ്സ് കഴിയാത്തവരും എംപ്ലോയ്മെന്റിൽ പേർ പജിസ്റ്റർ ചെയ്ത് 3 വർഷം കഴിഞ്ഞവരും ആയിരിക്കണം. എസ്.എസ്.എൽ.സി. തോറ്റ പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും അപേക്ഷിക്കാം.<br>2. വിദ്യാർത്ഥി ആയിരിക്കരുത്. സ്വന്തമായ തൊഴിലോ 100 രൂപയിൽ കൂടുതൽ മാസവരുമാനമോ ഉണ്ടായിരിക്കരുത്.<br>3. കാലാകാലങ്ങളിൽ ഉള്ള സർക്കാർ ഉത്തരവിനെ വിധേയമായി മാത്രമേ വേതനം അനുവദിക്കൂ.<br>4. കുടുംബവാർഷിക വരുമാനം 12000 രൂപയിൽ കവിയരുത്. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും. |
| 37 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ഗ്രാമപഞ്ചായത്ത് | 1. വിവാഹ തിയ്യതിക്ക് മുമ്പായി അപേക്ഷിച്ചിരിക്കണം.<br>2. കാലാകാലങ്ങളിലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിനും വിധേയമായിട്ടേ സഹായം ലഭിക്കൂ.<br>3. കുടുംബവാർഷിക വരുമാനം 20000 രൂപയിൽ കവിയരുത്.<br>4. വിവാഹിതയാകുന്ന പെൺ കുട്ടി 3 വർഷം കേരളത്തിൽ സ്ഥിരതാമസക്കാരിയായിരിക്കണം. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 38 | അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | ഗ്രാമപഞ്ചായത്ത് | 1. അവിവാഹിതയും 50 വയസ്സ് കഴിഞ്ഞവരും മറ്റു വരുമാനങ്ങൾ ഇല്ലാത്തവരുമായിരിക്കണം<br>2. കാലാകാലങ്ങളിലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിനും വിധേയമായിട്ടേ സഹായം ലഭിക്കൂ<br>3. അപേക്ഷകയുടെ വാർഷി ക വരുമാനം 100000 (1 ല ക്ഷം) രൂപയിൽ കവിയരുത്. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |
| 39. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് (രജി. ഓഫീസർ) | 1. 18 വയസ്സ് പൂർത്തിയായിരിക്കണം<br>2. പഞ്ചായത്തിൽ താമസിക്കുന്നവരായിരിക്കണം<br>3. ഉയർന്ന പ്രായപരിധി ഇല്ല.<br>4. രജിസ്ട്രേഷൻ സമയപരിധിയില്ല<br>5. എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ല | ഇല്ല | 15 ദിവസത്തിനകം അന്വേഷണം നടത്തി രജിസ്ട്രേഷൻ |



## പാറളം ഗ്രാമ പഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്ററിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | രോഗ നിർണ്ണയവും ചികിത്സയും | മെഡിക്കൽ ഓഫീസർ | OP Ticket വേണം | ഇല്ല | 5 രൂപ (18 വയസ്സിന് താഴെയുള്ളവർ, ഗർഭിണികൾ, അതിദരിദ്ര കുടുംബാംഗങ്ങൾ എന്നിവർക്ക് സൗജന്യം) | അതേ ദിവസം |
| 2 | ഗർഭിണികളുടെ സംരക്ഷണം (ഇരുമ്പ് സത്ത് ഗുളികകൾ റ്റി.റ്റി കുത്തിവെയ്പ് ബോധവൽക്കരണം) | മെഡിക്കൽ ഓഫീസർ PHN, JPHN, HI, JHI | ജനകീയ ആരോഗ്യ കേന്ദ്രം വഴിയുള്ള രജിസ്ട്രേഷൻ | ഇല്ല | സൗജന്യം | ഗർഭകാലം മുതൽ |
| 3 | മാതൃശിശു സംരക്ഷണം (IFA) ഗുളികകൾ പോഷകാഹാര വിജ്ഞാനം ബോധവത്ക്കരണം, കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പുകൾ | മെഡിക്കൽ ഓഫീസർ PHN, JPHN, HI, JHI | ജനകീയ ആരോഗ്യ കേന്ദ്രം വഴിയുള്ള രജിസ്ട്രേഷൻ | ഇല്ല | സൗജന്യം | ജനനം മുതൽ |
| 4 | കുടുംബക്ഷേമ പ്രവർത്തനം സ്ഥിരമായ ഗർഭനിരോധന മാർഗ്ഗങ്ങൾ പുരുഷനും സ്ത്രീക്കും താല്ക്കാലിക മാർഗ്ഗങ്ങൾ | മെഡിക്കൽ ഓഫീസർ PHN, JPHN, HI, JHI | ജനകീയ ആരോഗ്യ കേന്ദ്രം വഴിയുള്ള രജിസ്ട്രേഷൻ | ഇല്ല | സൗജന്യം | ദിനം പ്രതി |

| | | | | | | |
|---|---|---|---|---|---|---|
| 5 | പൊതുജനാരോഗ്യം വിവിധ സർട്ടിഫിക്കറ്റുകൾ | ഹെൽത്ത് ഇൻസ്പെക്ടർ | അപേക്ഷയും അനുബന്ധ രേഖകളും | FHC മേഖലയിലെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും | സാനിറ്ററി സർട്ടിഫിക്കറ്റ് - 310/-<br>എസ്.എസ്.ഐ - 60/- | പരിശോധന നടത്തി 14 ദിവസം |
| 6 | വിവിധ ദേശീയ പരിപാടികൾ (ഉദാ: TB, അന്ധത എയ്ഡ്സ് മുതലായവ) | മെഡിക്കൽ ഓഫീസർ PHN, JPHN, HI, JHI | കുടുംബാരോഗ്യ കേന്ദ്രം അല്ലെങ്കിൽ ജനകീയ ആരോഗ്യ കേന്ദ്രം വഴിയുള്ള രജിസ്ട്രേഷൻ | ഇല്ല | സൗജന്യം | |
| 7 | പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | മെഡിക്കൽ ഓഫീസർ | വെള്ളക്കടലാസിലുള്ള അപേക്ഷ/ ഒ.പി. ടിക്കറ്റ്, സത്യവാങ്മൂലം, അനുബന്ധ രേഖകൾ | FHC മേഖലയിൽ ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് എന്നീ രേഖകൾ ഇല്ലാത്തവർക്ക് മാത്രം | സൗജന്യം | ആ ദിവസം തന്നെ |
| 8 | മെഡിക്കൽ സർട്ടിഫിക്കറ്റ് | മെഡിക്കൽ ഓഫീസർ | വെള്ളക്കടലാസിലുള്ള അപേക്ഷയും അനുബന്ധ രേഖകളും | പൊതുജനങ്ങൾക്ക് | 100 രൂപ | ആ ദിവസം തന്നെ |
| 9. | ജനനി സുരക്ഷ യോജന | PHN / JPHN | 1. നിർദ്ദിഷ്ട ഫോറത്തിനുള്ള അപേക്ഷ 2 കോപ്പി<br>2. റേഷൻകാർഡിന്റെ കോപ്പി<br>3. ഇമ്മ്യൂണൈസേഷൻ കാർഡ് 2 കോപ്പി<br>4. റേഷൻകാർഡ് ഇല്ലെങ്കിൽ പഞ്ചായത്തിൽ നിന്നുള്ള സാക്ഷിപത്രം<br>5. ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖ<br>6. ആധാർ കോപ്പി<br>7. ബാങ്ക് A/c. കോപ്പി | എസ്.സി.വിഭാഗത്തിനും ബി.പി.എൽ. വിഭാഗത്തിനും ഗവ: ആശുപത്രിയിൽ പ്രസവിക്കുന്ന എല്ലാവർക്കും | ഇല്ല | പ്രസവം നടന്നു കഴിഞ്ഞാൽ ഉടനെ |



# പാറളം ഗ്രാമ പഞ്ചായത്ത് കൃഷിഭവൻ വഴി ലഭ്യമാകുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | കർഷകർക്കുവേണ്ടി സാങ്കേതിക ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുക. | കൃഷി ഓഫീസർ കൃഷി ഭവൻ | അപേക്ഷ വേണ്ട | ഇല്ല | ഫീസില്ല | |
| 2 | പ്രകൃതിക്ഷോഭ ദുരിതാശ്വാസം | കൃഷി ഓഫീസർ കൃഷി ഭവൻ | 1. നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി.<br>2. നികുതി രശീതി കോപ്പി<br>3. തിരിച്ചറിയൽ കാർഡ്<br>4. ബാങ്ക് അക്കൗണ്ട്, പാസ്സ് ബുക്ക്, പകർപ്പ്.<br>5. നാശനഷ്ടത്തിന്റെ പകർപ്പ് | 1. നഷ്ടം സംഭവിച്ച് 10 ദിവസങ്ങൾക്കകം.<br>2. പൂർണ്ണമായി നശിച്ചിരിക്കണം.<br>3. വരുമാനം 5000 രൂപയിൽ കുറവായിരിക്കണം. | ഫീസില്ല | ഫണ്ട് ലഭിക്കുന്ന മുറക്ക് |
| 3 | കൃഷിയുമായി ബന്ധപ്പെട്ട മറ്റു ആനുകൂല്യങ്ങൾ | കൃഷി ഓഫീസർ കൃഷി ഭവൻ | പദ്ധതി നിർദ്ദേശിക്കുന്ന അപേക്ഷ | പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം | ചട്ടങ്ങൾ അനുശാസിക്കുന്ന വിധം | പദ്ധതി നിർദ്ദേശിക്കുന്ന കാലഗണനക്കനുസരിച്ച് |
| 4 | കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിച്ച വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് | കൃഷി ഓഫീസർ കൃഷി ഭവൻ | നിർദ്ദിഷ്ട അപേക്ഷ സ്ഥലത്തിന്റെ ഉടമസ്ഥത രേഖ എന്നിവ സഹിതം | കുറഞ്ഞത് 30 സെന്റ് ഭൂമി ഉണ്ടായിരിക്കണം, 75 ശതമാനം കൃഷി ഉണ്ടായിരിക്കണം. | ഫീസില്ല | 2 ദിവസങ്ങൾക്കകം |

| | | | | | | |
|---|---|---|---|---|---|---|
| 5 | നെൽകൃഷിക്ക് ഉല്പാദന ബോണസ്സ് | കൃഷി ഓഫീസർ കൃഷി ഭവൻ | നിർദ്ദിഷ്ട അപേക്ഷ | പാടശേഖരസമിതിയിൽ അംഗമായിരിക്കണം. അതാത് സീസണിൽ കൃഷി ചെയ്തിരിക്കണം. | ഫീസില്ല | ഫണ്ട് ലഭിക്കുന്ന മുറക്ക് |
| 6. | കർഷ പെൻഷൻ പദ്ധതി | കൃഷി ഓഫീസർ കൃഷി ഭവൻ | 1. നിർദ്ദിഷ്ട അപേക്ഷ<br>2. കൈവശ സർട്ടിഫിക്കറ്റ്<br>3. ബാങ്ക് അക്കൗണ്ട് കോപ്പി<br>4. 2 ഫോട്ടോ<br>5. ആധാർകാർഡ് കോപ്പി | 1. 60 വയസ്സ് കഴിഞ്ഞിരിക്കണം.<br>2. കഴിഞ്ഞ 10 വർഷമെങ്കിലും കൃഷിയിൽ ഏർപ്പെട്ടിരിക്കണം.<br>3. ഒരു കുടുംബത്തിൽ നിന്ന് 1 വ്യക്തി മാത്രം.<br>4. വാർഷിക വരുമാനം ഒന്നര ലക്ഷത്തിൽ കവിയരുത് | 25 രൂപ | ഫണ്ട് ലഭിക്കുന്ന മുറക്ക് |
| 7. | കാർഷിക വിളകളുടെ രോഗ - കീട നിർണ്ണയവും ശുപാർശകളും | കൃഷി ഓഫീസർ കൃഷി ഭവൻ | കർഷകൻ നേരിട്ട് വന്ന് വിശദവിവരങ്ങൾ നൽകേണ്ടതാണ്. | | ഇല്ല | ആവശ്യമായ പരിശോധനയ്ക്ക് ശേഷം |
| | | | | | | |



| പാറളം ഗ്രാമ പഞ്ചായത്ത് വെങ്ങിണിശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | കൃത്രിമ ബീജസങ്കലനം, പശു, എരുമ, ആട് | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | – | – | – | മൃഗങ്ങളെ സ്ഥാപനത്തിൽ കൊണ്ടു വന്നിട്ടുണ്ടെങ്കിൽ 1 മണിക്കൂറിനകം. |
| 2 | വാക്സിനേഷൻ സർട്ടിഫിക്കറ്റ് | വെറ്ററിനറി സർജൻ | – | – | – | അതെ ദിവസം |
| 3 | മരണ സർട്ടിഫിക്കറ്റ് | വെറ്ററിനറി സർജൻ | – | – | – | ആദ്യ റിപ്പോർട്ട് 3 ദിവസത്തിനകം, അന്തിമ റിപ്പോർട്ട് ലാബ് റിപ്പോർട്ട് ലഭിച്ചതിനു ശേഷം |
| 4 | പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഇൻഷൂറൻസിന് വേണ്ടി പ്രഥമ വിവര റിപ്പോർട്ട് | | – | – | – | പെർമനന്റ് ടോട്ടൽ ഡിസെബിലിറ്റി സ്ഥിരീകരിച്ച് 3 ദിവസത്തിനകം |
| 5 | ആരോഗ്യ വില നിർണ്ണയ സർട്ടിഫിക്കറ്റ് ഇൻഷൂറൻസിന് വേണ്ടി | വെറ്ററിനറി സർജൻ | – | – | – | 3 ദിവസങ്ങൾക്കകം |

| | | | | | | |
|---|---|---|---|---|---|---|
| 6 | ചികിത്സാ സേവനം ലഭ്യമാക്കൽ (കൃത്രിമ ബീജധാനം ഉൾപ്പെടെ) | വെറ്ററിനറി സർജൻ | – | – | – | 3 മണിക്കൂറിനകം, മുൻഗണന വെറ്ററിനറി സർജന്റെ വിവേചനാധികാരം ഉപയോഗിച്ച് |
| 7 | പ്രഥമ ശുശ്രൂഷ | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | – | – | – | എത്രയും പെട്ടെന്ന് വെറ്ററിനറി സർജന്റ് അഭിപ്രായം ആരാഞ്ഞ് |
| 8 | സർക്കാർ ഫാമുകൾ സന്ദർശിക്കുവാനോ(കന്നുകാലി, കോഴി) സന്ദർശിക്കുവാനോ താല്പര്യമുള്ള കർഷകർക്കുള്ള സേവനം | വെറ്ററിനറി സർജൻ | – | – | – | 3 ദിവസത്തിനകം ഉരുക്കളെ ലഭ്യമാക്കുന്നത് ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണന ക്രമം അനുസരിച്ച് |
| 9 | മൃഗസംരക്ഷണ മേഖലയിലെ വിവിധ കർഷക പരിശീലനങ്ങൾ | വെറ്ററിനറി സർജൻ | – | – | – | 15 ദിവസത്തിനകം പരിശീലന റിപ്പോർട്ട് നൽകുന്നതാണ്. |
| 10 | സംസ്ഥാന പദ്ധതി നിർവ്വഹണം ഗുണഭോക്തൃ അടിസ്ഥാനത്തിൽ | വെറ്ററിനറി സർജൻ | – | – | – | അംഗീകൃതഗുണഭോക്തൃ പട്ടികയും ഭരണാനുമതിയും ബാങ്ക് വായ്പയും ലഭിച്ച് 30 ദിവസത്തിനകം |



| | | | | | | |
|---|---|---|---|---|---|---|
| 11 | പ്രകൃതി ദുരന്ത നിവാരണം | വെറ്ററിനറി സർജൻ | – | – | – | പ്രഥമ പരിശോധന റിപ്പോർട്ട് 24 മണിക്കൂറിനകം |

12.

1. <u>മറ്റ് വിവരങ്ങൾ</u> - സാധാരണ ദിവസങ്ങളിൽ - 9a.m. - 1 p.m., 2 p.m. - 3 p.m.
   അവധി ദിവസങ്ങളിൽ - 9a.m. - 1 p.m.
   ഞായറാഴ്ച - 9a.m. - 12 p.m.
2. ആഴ്ചയിൽ ഒരു ദിവസം എല്ലാ ജീവനക്കാർക്കും വീക്ക്ലി ഓഫ് ആണ്.
3. ആശുപത്രിയിൽ നല്കേണ്ട ഫീസ് - 1. ഓമന മൃഗങ്ങൾക്ക് ചികിത്സാഫീസ് - 20/-, 2. മരുന്നുകൾ, വാക്സിനുകൾ

   മുതലായവ അതാതു കാലത്ത് മൃഗസംരക്ഷണ വകുപ്പ് തീരുമാനിക്കുന്ന തുക.
4. മൈനർ സർജറി, മുറിവ് ഡ്രസ്സിംഗ് മുതലായവ - ഓമന മൃഗങ്ങൾക്ക് 40/- രൂപ
5. മേജർ സർജറി ഓമന മൃഗങ്ങൾക്ക് - 100/- രൂപ.

## പാറളം ഗ്രാമ പഞ്ചായത്ത് ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ നിന്നും ലഭ്യക്കുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | രോഗനിർണ്ണയവും ചികിത്സയും | മെഡിക്കൽ ഓഫീസർ | അപേക്ഷ വേണ്ട | ഇല്ല | സൗജന്യം | അതേ ദിവസം |
| 2 | മെഡിക്കൽ സർട്ടിഫിക്കറ്റ് | മെഡിക്കൽ ഓഫീസർ | വെള്ളക്കടലാസിലുള്ള അപേക്ഷ | സ്ഥാപനത്തിൽ ചികിത്സിച്ച രോഗികൾക്ക് | സൗജന്യം | ചികിത്സ കാലയളവ് |

1. മറ്റ് വിവരങ്ങൾ - പ്രവൃത്തി സമയം - 9a.m. - 2 p.m.,
2. പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള മരുന്നുകൾ ഒ.പി.സമയത്ത് വിതരണം ചെയ്യുന്നതാണ്.

## പാറളം ഗ്രാമ പഞ്ചായത്ത് ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും ലഭ്യക്കുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | രോഗനിർണ്ണയവും ചികിത്സയും | മെഡിക്കൽ ഓഫീസർ | അപേക്ഷ വേണ്ട | ഇല്ല | സൗജന്യം | അതേ ദിവസം |
| 2 | ജില്ലാ ഹോമിയോ ആശുപത്രിയിലെ വിവിധ ക്ലിനിക്കുകളിലേക്ക് റഫറൻസ് സൗകര്യം | മെഡിക്കൽ ഓഫീസർ | അപേക്ഷ വേണ്ട | ഇല്ല | സൗജന്യം | അതേ ദിവസം |

1. മറ്റ് വിവരങ്ങൾ - പ്രവൃത്തി സമയം - 9a.m. - 2 p.m., (ഞായർ അവധി)



## പാറളം ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.പി.സബ്ബ്സെന്റർ, ചേനം വഴി നൽകുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | കൃത്രിമ ബീജസങ്കലനം | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | — | ഉരുക്കളെ മദിലക്ഷണം തുടങ്ങി 24 മണിക്കൂറിനുള്ളിൽ ആശുപത്രിയിൽ എത്തിക്കുക. | ഫീസില്ല | തൽസമയം |
| 2 | കന്നുകാലികളുടെ ഗർഭപരിശോധന | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | — | കൃത്രിമ ബീജസങ്കലനം നടത്തി 90-ാം ദിവസം പരിശോധന നടത്തി ഗർഭധാരണം ഉറപ്പുവരുത്തുക. | ഫീസില്ല | തൽസമയം |
| 3 | വാക്സിനേഷൻ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | — | കന്നുകാലികളെ ബാധിക്കുന്ന പകർച്ചവ്യാധികൾക്ക് എതിരായ വാക്സിനേഷൻ | കാലാകാലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസ് | ഡ്യൂട്ടിസമയത്ത് കേന്ദ്രത്തിലും ക്യാമ്പിലും |
| 4 | കന്നുകാലികൾക്കുള്ള പ്രഥമ ചികിത്സ (ഫസ്റ്റ് എയ്ഡ്) | ഇൻസ്പെക്ടർ | | | | |
| 5 | കാളയുടെ വരിഉടക്കൽ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | — | — | ഫീസില്ല | തൽസമയം |

## പാറളം ഗ്രാമ പഞ്ചായത്ത് അമ്മാടം ഗവ.എൽ.പി.സ്കൂളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | സ്ക്രൂൾ പ്രവേശനം 1 ക്ലാസ്സിലേക്ക് | ഹെഡ്മിസ്ട്രസ് | സ്കൂളിൽ നിന്നും ലഭിക്കുന്ന പ്രവേശന ഫോറം പൂരിപ്പിക്കണം. ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണം. | ജൂൺ 1ന് 5 വയസ്സ് പൂർത്തിയാക്കണം | ഫീസില്ല | ചട്ടപ്രകാരം |
| 2 | വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം, പാൽ, മുട്ട | ഹെഡ്മിസ്ട്രസ് | രക്ഷിതാവിന്റെ അപേക്ഷ | - | ഫീസില്ല | ഉച്ചഭക്ഷണം ഓരോ പ്രവൃത്തി ദിവസവും മുട്ട - ആഴ്ചയിൽ1 ദിവസം, പാൽ - ആഴ്ചയിൽ 2 ദിവസം |
| 3 | ടി.സി.ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് | ഹെഡ്മിസ്ട്രസ് | നിശ്ചിത പ്രഫോർമ | ടി.സി.ക്ക് അപേക്ഷിക്കുവാനുള്ള കാരണം വ്യക്തമാക്കണം | ഫീസില്ല | 15 ദിവസങ്ങൾക്കകം |
| 4. | അഡ്മിഷൻ ശരിപകർപ്പ് ലഭിക്കാൻ | ഹെഡ്മിസ്ട്രസ് | 1. വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് പറിച്ച സമയം, മേൽവിലാസം വ്യക്തമാക്കിയ അപേക്ഷ. 2. 20 രൂപയുടെ മുദ്രപത്രം അപേക്ഷകന്റെ പേരിൽ വാങ്ങി സ്കൂളിൽ തരണം. | അപേക്ഷിക്കുവാനുള്ള കാരണം വ്യക്തമാക്കണം. | ഫീസില്ല | 15 ദിവസങ്ങൾക്കകം |



## പാറളം ഗ്രാമ പഞ്ചായത്ത് അമ്മാടം, കോടന്നൂർ സർക്കിൾ ഗ്രാമസേവകൻമാരിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | PMAY പ്രധാനമന്ത്രി ആവാസ് യോജന | ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് വഴി ഗ്രാമസേവകൻ നിർവ്വഹണം നടത്തുന്നു. | പഞ്ചായത്തിന്റെ അറിയിപ്പ് പ്രകാരം നിശ്ചിത പ്രഫോർമയിൽ നിശ്ചിത സമയപരിധിക്കകം. | 1. ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുന്ന ഗുണഭോക്തൃലിസ്റ്റ് പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് ധനസഹായം അനുവദിക്കുന്നത്. 2. കരാർ ഉടമ്പടി വച്ച് അഡ്വാൻസ് കൊടുത്തുകൊണ്ട് പണി തീരുന്ന മുറക്ക് 4 ഗഡുക്കളായി ധനസഹായം നൽകുന്നു. | ഫീസില്ല | നിലവിലുള്ള സബ്സിഡി മാനദണ്ഡ പ്രകാരം |
| 2 | കൂടാതെ പഞ്ചായത്ത് തല പദ്ധതി നിർവഹണം, വാർദ്ധക്യകാല പെൻഷൻ അപേക്ഷ അന്വേഷണം, നീർത്തടാധിഷ്ടിത വികസന പദ്ധതികളുടെ ബോധവൽക്കരണം, മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മേൽനോട്ടം, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന മറ്റ്കേന്ദ്ര- സംസ്ഥാന ആവിഷ്കൃത പദ്ധതികൾ (അമ്മാടം സർക്കാൾ - 6,7,8,9,10,11,12, കോടന്നൂർ - 1,2,3,4,5,13,14,15 സ്വച്ച് ഭാരത് മിഷൻ പഞ്ചായത്ത് തല കോ- ഓർഡിനേറ്റർ<br><br>BPL സാക്ഷ്യപത്രം നൽകുന്നതിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ | | | | | |

## പാറളം ഗ്രാമ പഞ്ചായത്ത് ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ മേഖേന നൽകുന്ന സേവനങ്ങൾ

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 1 | മാതൃശിശു സംരക്ഷണം, പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്, പ്രീസ്കൂൾ വിദ്യാഭ്യാസം, സ്ത്രീകളുടേയും കുട്ടികളുടേയും സ്ഥിതി വിവരകണക്കുകൾ, ക്ഷേമപദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച് വിവരങ്ങൾ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വെള്ളക്കടലാസിൽ അപേക്ഷ | – | ഫീസില്ല | 7 പ്രവർത്തി ദിവസം |
| 2 | അനുപൂരക പോഷകാഹാരം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | – | അംഗൻവാടിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന് ധനസഹായം നല്കുന്നു. | ഫീസില്ല | നിശ്ചിത സമയ ക്രമമനുസരിച്ച് |
| 3 | പ്രതിരോധ കുത്തിവെപ്പുകൾ | ആരോഗ്യവകുപ്പ് മുഖേന | – | " | " | " |
| 4 | പ്രീ സ്കൂൾ വിദ്യാഭ്യാസം | " | – | " | " | " |
| 5 | ആരോഗ്യ പോഷക വിദ്യാഭ്യാസം | " | – | " | " | " |
| 6 | ആരോഗ്യ പരിശോധന | " | – | " | " | " |
| 7 | കുട്ടികളുടെ തൂക്കം പരിശോധിക്കൽ | " | – | " | " | " |
| 8 | കൗമാരപ്രായകാർക്ക് പോഷകാഹാര, വിദ്യാഭ്യാസം പരിശീലനം (കെ.എസ്.വൈ), ശാക്തീകരണ പരിപാലനം | " | – | " | " | " |
| 9 | ശൈശവ പൂർവ കാല പരിപാലന വിദ്യഭ്യാസവും വിശകലനവും | " | – | " | " | " |
| | കൂടാതെ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിലെ സാമൂഹ്യനീതി വകുപ്പ് ഓഫീസ് മുഖേന സമാശ്വാസം പദ്ധതി (കിഡ്നി, കരൾ മാറ്റി വെക്കൽ) മിശ്രവിവാഹിതർക്ക് ധനസഹായം, മംഗല്യവിധവ പുനർവിവാഹ ധനസഹായം, വികലാംഗരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കും വിവാഹധനസഹായം, ആശ്വാസകിരണം ശയ്യാവലംബികളായവരെ ശുശ്രൂഷിക്കുനനവർക്ക് പെൻഷൻ, നാഷണൽ ട്രസ്റ്റ് ആക്റ്റ് നടപ്പിലാക്കുന്നു സ്ത്രീ കുടുംബനാഥയായവരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. | | | | | |

## പാറളം ഗ്രാമപഞ്ചായത്ത് -അംഗൻവാടികൾ

| ക്രമ നം | അംഗൻവാടി | CONTACT NUMBER | Ward |
|---|---|---|---|
| 1 | AWC No51, ഹാഷ്മി നഗർ, പി ഒ കോടന്നൂർ, തൃശ്ശൂർ 680563 | 8281160388 | II |
| 2 | AWC No.52, ചാക്യാർക്കടവ്, കോടന്നൂർ പി ഒ, തൃശ്ശൂർ 680563 | 9744029694 | II |
| 3 | AWc No.53, താണിക്കമുനയം, കോടന്നൂർ പി ഒ, തൃശ്ശൂർ 680563 | 9048804691 | III |
| 4 | AWC No.54, കോടന്നൂർ പി ഒ, തൃശ്ശൂർ 680563 | 9645767009 | IV |
| 5 | AWc No.55, വെങ്ങിണിശ്ശേരി, പി ഒ പാറളം, തൃശ്ശൂർ 680563 | 9387850191 | VI |
| 6 | AWC No.56, വെങ്ങിണിശ്ശേരി, ആശ്രമം റോഡ്, പി ഒ പാറളം, തൃശ്ശൂർ 680563 | 9961347052 | V |
| 7 | AWC No.57, വെങ്ങിണിശ്ശേരി, പി ഒ പാറളം, തൃശ്ശൂർ 680563 | 9747693490 | V |
| 8 | CNo.58, വെങ്ങിണിശ്ശേരി, പി ഒ പാറളം, തൃശ്ശൂർ 680563 | 7736716276 | VII |
| 9 | AWC NO.59, ശിവപുരം, വെങ്ങിണിശ്ശേരി, പി ഒ പാറളം, തൃശ്ശൂർ 680563 | 9645827049 | VIII |
| 10 | AWC No.60, അമ്മാടം പി ഒ, ആലുക്കൽ കുന്ന്, തൃശ്ശൂർ 680563 | 9946897791 | X |
| 11 | AWC NO.61, പി ഒ ചേർപ്പ്, ചേനം, തൃശ്ശൂർ 680561 | 9744649391 | XII |
| 12 | AWC NO.62, മുള്ളക്കര, അമ്മാടം പി ഒ, തൃശ്ശൂർ 680563 | 7034416550 | XI |
| 13 | AWC No.63, അമ്മാടം പി ഒ, തൃശ്ശൂർ 680563 | 9946511494 | X |
| 14 | AWC No.64, പി ഒ കോടന്നൂർ, പള്ളിപ്പുറം പടിഞ്ഞാട്ടുമുറി, തൃശ്ശൂർ 680563 | 9744327535 | XVI |
| 15 | AWC No.65, പള്ളിപ്പുറം, കോടന്നൂർ പി ഒ, തൃശ്ശൂർ 680563 | 8547277746 | XVI |
| 16 | AWC No.66, ആര്യംപാടം, പി ഒ കോടന്നൂർ, തൃശ്ശൂർ 680563 | 9387375815 | I |
| 17 | AWC No.67, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, കോടന്നൂർ പി ഒ, തൃശ്ശൂർ 680563 | 9539120533 | XIV |
| 18 | AWC No.68, ശാസ്താംകടവ്, കോടന്നൂർ പി ഒ, തൃശ്ശൂർ 680563 | 8111842586 | XVI |
| 19 | AWc No.69, മുള്ളക്കര, അമ്മാടം പി ഒ, തൃശ്ശൂർ 680563 | 9400934816 | XIII |
| 20 | AWc No.70, ചെമ്പാലിപ്പുറം, പാറളം, അമ്മാടം പി ഒ, തൃശ്ശൂർ 680563 | 9207354512 | XIV |
| 21 | AWC NO.90, ചോരോകുളം via, പി ഒ അമ്മാടം, തൃശ്ശൂർ 680563 | 9895681898 | IX |
| 22 | AWC No.91 , പള്ളിപ്പുറം കർഷക നഗർ, പി ഒ കോടന്നൂർ, തൃശ്ശൂർ 680563 | 9562732956 | XVI |
| 23 | AWC No.92, ചേനം, ചേർപ്പ് പി ഒ, തൃശ്ശൂർ 680563 | 9745234324 | XII |

## പഞ്ചായത്തിനു ലഭിക്കേണ്ട വിവിധ നികുതികളും യഥാസമയം അടയ്ക്കാതിരുന്നാലുണ്ടാകുന്ന പിഴപ്പലിശയും സംബന്ധിച്ച വിവരങ്ങൾ

| നികുതി ഇനം | | പിഴപലിശ തിയ്യതി |
|---|---|---|
| 1. ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിൽ ഉടമ/ഓഫീസ് മേധാവി വഴിയുള്ളത് | - | സെപ്തംബർ 1 മുതൽ |
| 2. രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിൽ ഉടമ/ഓഫീസ് മേധാവി വഴിയുള്ളത്) | - | മാർച്ച് 1 മുതൽ |
| 3. ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി (ഇടപാട് നടത്തുന്നവരിൽനിന്നും) | - | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ള തിയ്യതിക്കുശേഷം |
| 4. മുഴുവൻ വസ്തു നികുതി (കെട്ടിടനികുതി) | - | ഒക്ടോബർ 1 മുതൽ |
| 5. ഇതര നികുതികൾ | - | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ള തിയ്യതിക്കുശേഷം |

**പഞ്ചായത്താതിർക്കുള്ളിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന മുഴുവൻ വ്യക്തികളും സ്ഥാപനങ്ങളും ഓരോ വർഷവും പഞ്ചായത്ത് ലൈസൻസ് എടുക്കേണ്ടതാണ്. സാമ്പത്തികവർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് അപേക്ഷ നൽകണം**



## ഭരണസമിതി അംഗങ്ങൾ

| | |
|---|---|
| പ്രസിഡന്റ് | **ശ്രീമതി അനിത പ്രസന്നൻ** (7-ാം വാർഡ് മെമ്പർ) |
| വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | **ശ്രീ. മനോജ് അയ്യപ്പത്ത്** (14-ാം വാർഡ് മെമ്പർ) |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | **ശ്രീമതി റിൻസി ജൂബി** (1-ാം വാർഡ് മെമ്പർ) |
| ആരോഗ്യം വിദ്യാഭ്യാസം, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | **ശ്രീ. തോമസ് പി.പി. (ടോമി പെല്ലിശ്ശേരി)** (13-ാം വാർഡ് മെമ്പർ) |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | **ശ്രീമതി വനജ രാജൻ** (16-ാം വാർഡ് മെമ്പർ) |
| 2-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി പ്രനിത സഹിൽ** |
| 3-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി ബിന്ദു ടീച്ചർ** |
| 4-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി ഡാലി ബിനോയ്** |
| 5-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി സുധ അനിലൻ** |
| 6-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീ. രാധാകൃഷ്ണൻ കടുപ്പിടി** |
| 8-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീ. അനൂപ് കെ. ആർ.** |
| 9-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി റിൻസി ഷാബു** |
| 10-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി റോസ്മേരി അപേഷ്** |
| 11-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീ. ജിഷ്‌രാജ് ഇ. ആർ.** |
| 12-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീ. സി.എം. ഷക്കീർ** |
| 15-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീ. നിഖിൽ പള്ളിപ്പുറം** |
| 17-ാം നിയോജകമണ്ഡലം മെമ്പർ | **ശ്രീമതി ഓമന മങ്ങാടൻ** |
| സെക്രട്ടറി | **ശ്രീ. രേഖ വി.എസ്.** |

## പാറളം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ

| ക്രമ നം | ഓഫീസർ | ഓഫീസ് | ഫോൺ നമ്പർ |
|---|---|---|---|
| 1 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9496046117 |
| 2 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9746600054 |
| 3 | ഡയറി ഫാം ഇൻസ്പെക്ടർ | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9447116555 |
| 4 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/സി.എച്ച്.സി | ഫാമിലി ഹെൽത്ത് സെന്റർ പാറളം | 9895876887 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9605613597 |
| 6 | മെഡിക്കൽ ഓഫീസർ - ആയുർവേദം | ആയുർവേദ ഡിസ്പെൻസറി കോടന്നൂർ | 9809430679 |
| 7 | വെറ്ററിനറി സർജന് | വെറ്ററിനറി ഡിസ്പെൻസറി വെങ്ങിണിശ്ശേരി | 9744489862 |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9497178917 |
| 9 | അസിസ്റ്റൻറ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 8921884676 |
| 10 | കൃഷി ഓഫീസർ | കൃഷി ഭവൻ, കോടന്നൂർ | 8921739240 |
| 11 | മെഡിക്കൽ ഓഫീസർ - ഹോമിയോ | ഹോമിയോ ഡിസ്പെൻസറി വെങ്ങിണിശ്ശേരി | 9061482121 |
| 12 | ഹെഡ്മാസ്റ്റർ , ഗവൺമെന്റ് എൽ.പി.സ്കൂൾ | ജി.എൽ.പി.എസ്. അമ്മാടം | 9847227004 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9656371996 |
| 14 | അസിസ്റ്റൻറ് എഞ്ചിനീയർ (തസ്വഭവ) | പാറളം ഗ്രാമപഞ്ചായത്ത്,അമ്മാടം | 9895885650 |
| 15 | വില്ലേജ് ഓഫീസർ, പാറളം | വില്ലേജ് ഓഫീസ്, പാറളം | 9497315452 |
| 16 | വില്ലേജ് ഓഫീസർ വെങ്ങിണിശ്ശേരി | വില്ലേജ് ഓഫീസ്, വെങ്ങിണിശ്ശേരി | 9497623148 |
| 17 | അസിസ്റ്റൻറ് എഞ്ചിനീയർ (കെ.എസ്.ഇ.ബി.) | കെ.എസ്.ഇ.ബി.,അമ്മാടം | 9496009673 |

## ആശ വർക്കർമാരുടെ വിവരങ്ങൾ

| ക്രമ നം | വാർഡിന്റെ പേര് | ആശ | ഫോൺ നം. |
|---|---|---|---|
| 1 | ആര്യംപാടം | ബിന്ദു വർഗ്ഗീസ് | 9400667394 |
| 2 | ചാക്യാർകടവ് | മോളി ജോൺസൺ | 9961489790 |
| 3 | സുബ്രഹ്മണ്യപുരം | ശോഭ കണ്ണൻ | 9946460248 |
| 4 | വെങ്ങിണിശ്ശേരി | സൗമ്യ എ എം | 9847274918 |
| 5 | ആറാട്ടുകടവ് | ത്രേസ്യാമ്മ പോൾ | 9207598232 |
| 6 | പേരുക്കര | അൽഫോൺസ വർഗ്ഗീസ് | 9562294005 |
| 7 | ശിവപുരം | സജിത കെ എസ് | 9388329114 |
| 8 | പാരീസ്-കൂട്ടാലക്കുന്ന് | ഓമന സുരേഷ് | 8086453920 |
| 9 | പാറളം | നിർമല രാജൻ | 9048910725 |
| 10 | പാർപ്പക്കടവ് | ഇന്ദു രാജൻ | 9961461027 |
| 11 | ചേനം | അമ്പിളി പി എസ് | 9048379450 |
| 12 | അമ്മാടം | ലത കെ കെ | 9645387849 |
| 13 | കോടന്നൂർ | ഷാജിത ഐ കെ | 9495712229 |
| 14 | പള്ളിപ്പുറം | ശൈലജ ജനാർദ്ദനൻ | 8943190345 |
| 15 | ശാസ്താംകടവ് | ഗിരിജ ഗോപിനാഥ് | 8281494081 |

പഞ്ചായത്ത് പരിധിയിലെ ബാങ്കുളുടെ വിവരങ്ങൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
2. സൗത്ത് ഇന്ത്യൻ ബാങ്ക്
3. കാത്തലിക് സിറിയൻ ബാങ്ക്
4. അമ്മാടം സർവ്വീസ് സഹകരണ ബാങ്ക്
5. വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്